**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 301** **04-10-2021 - ൽ മറുപടിയ്ക്ക്**

**മാവേലി സ്റ്റോറുകളും സപ്ലൈകോ സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുന്നതിന് നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ സി കെ ഹരീന്ദ്രൻ | | **Shri G R Anil**<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | പാറശാല നിയോജകമണ്ഡലത്തിൽ വിവിധ പഞ്ചായത്തുകളിലായി പുതുതായി മാവേലി സ്റ്റോറുകളും സപ്ലൈകോ സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുന്നതിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിന്മേൽ തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദവിവരങ്ങൾ അറിയിക്കാമോ; | (എ) | പാറശ്ശാല നിയോജക മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളായ പെരുങ്കടവിള, മൈലച്ചിൽ, കീഴാറൂർ, തുടലി എന്നീ സ്ഥലങ്ങളിൽ പുതിയ സപ്ലൈകോ വിൽപ്പനശാലകൾ ആരംഭിക്കുന്നതിന് പ്രൊപ്പോസലുകൾ ലഭ്യമായിട്ടുണ്ട്. പുതിയ വിൽപ്പനശാലകൾ അനുവദിക്കുന്നതു സംബന്ധിച്ച് നിലവിലെ സർക്കാർ ഉത്തരവ് 386/19/ത.സ്വ.ഭ.വ തീയതി 22/02/2019 പ്രകാരമുള്ള വാടക രഹിത കെട്ടിടം കംപ്യൂട്ടർ അനുബന്ധ സാമഗ്രികൾക്കായി ഒരു ലക്ഷം രൂപ എന്നിവ അനുവദിച്ചു കിട്ടുന്നതിനുമുള്ള തീരുമാനങ്ങൾ കൂടി കൈക്കൊണ്ട് ലഭ്യമാക്കുന്നതിനായി, അതാത് പഞ്ചായത്തുകൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. അതു പ്രകാരം അനുയോജ്യമായ കെട്ടിടം വാടക രഹിതമായി കണ്ടെത്തി ലഭ്യമാക്കിയാൽ വിൽപ്പന സാധ്യത കൂടി പരിശോധിച്ച് ജീവനക്കാരുടെ ലഭ്യതയുടെ കൂടി അടിസ്ഥാനത്തിൽ ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പുതിയ സപ്ലൈകോ സൂപ്പർ മാർക്കറ്റുകൾ, മാവേലി സ്റ്റോറുകൾ എന്നിവ തുടങ്ങുന്നതിന് എന്തെങ്കിലും കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | (ബി) | പ്രത്യേക കർമ്മ പദ്ധതികളൊന്നും നിലവിലില്ല. |

സെക്ഷൻ ഓഫീസർ